**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1708** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള ഗവണ്മെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ (കെ.ജി.റ്റി.ഇ. )ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള അടുത്ത വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ഗവണ്മെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ (കെ.ജി.റ്റി.ഇ.) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ചും വർഷത്തിൽ രണ്ടു തവണ പ്രസ്തുത പരീക്ഷ നടത്തുന്നത് സംബന്ധിച്ചും എൽ.ബി.എസ് ഡയറക്ടറുമായി കൂടിയാലോചിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | 2018 ന് മുമ്പ് നടത്തിയിരുന്നതുപോലെ വർഷത്തിൽ രണ്ട് തവണ പരീക്ഷ നടത്തുന്നതിന് വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നതിന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | കേരള ഗവണ്മെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ (കെ.ജി.റ്റി.ഇ.) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ചും വർഷത്തിൽ രണ്ടു തവണ പ്രസ്തുത പരീക്ഷ നടത്തുന്നത് സംബന്ധിച്ചും എൽ.ബി.എസ് ഡയറക്ടറുമായി കൂടിയാലോചിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | കെ.ജി.റ്റി.ഇ.(കൊമേഴ്സ്) പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പിൽ നിന്നുള്ള 13/02/2024 ലെ ജെ1/262/2022/ഉ.വി.വ. നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളുടെ അംഗീകൃത സംഘടനകളുമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 06/08/2024 ന് നടത്തിയ ചർച്ചയുടെ മിനുട്ട്സിന്റെ പകർപ്പും സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ; | (സി) | കെ.ജി.റ്റി.ഇ.(കൊമേഴ്സ്) പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തുന്നത് സംബന്ധിച്ച് കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളുടെ അംഗീകൃത സംഘടനകളുമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 06/08/2024 ന് നടത്തിയ ചർച്ചയുടെ മിനുട്ട്സിന്റെ പകർപ്പും സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പുതിയ സിലബസ് നടപ്പിലാക്കുന്നതിന് മുൻപേ പുതിയ സിലബസ് പ്രകാരമുള്ള പരീക്ഷ സംബന്ധിച്ച് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്രകാരം മാർഗ്ഗനിർദ്ദേശം | (ഡി) | പുതിയ സിലബസ് പ്രകാരമുള്ള പരീക്ഷ സംബന്ധിച്ച് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | പുറപ്പെടുവിച്ച് 6 മാസത്തെ കോഴ്സ് കാലാവധി പുതിയ സിലബസ് നടപ്പിലാക്കുന്നതിന് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ; മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (ഇ) | ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് കോഴ്സിന്റെ കാലാവധി ആറ് മാസത്തിൽ കൂടുതൽ നീട്ടിക്കൊണ്ടുപോകുന്നതിന് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സാധിക്കാത്തതിനാൽ വർഷത്തിൽ രണ്ട് പരീക്ഷ കൃത്യമായി നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഇ) | വർഷത്തിൽ രണ്ടു തവണ പ്രസ്തുത പരീക്ഷ നടത്തുന്നത് സംബന്ധിച്ച് എൽ.ബി.എസ് ഡയറക്ടറുമായി കൂടിയാലോചിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (എഫ്) | പുതിയ സിലബസ് പ്രകാരമാണ് കെ.ജി.റ്റി.ഇ. പരീക്ഷ നടത്താൻ തീരുമാനിച്ചിട്ടുള്ളതെങ്കിൽ ഇതിനായി മോഡൽ ചോദ്യപേപ്പറുകൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | മാതൃക ചോദ്യപേപ്പറുകൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

### അക്കാദമിക് കമ്മിറ്റി മിനിറ്റ്സ്

06/08/2024 ല് 11.00 AM ന് ബഹുമാനപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ചെംബറിൽ കൂടിയ അക്കാദമിക് കമ്മിറ്റി യോഗം

അജണ്ട :- കെജിടിഇ ടൈപ്പ്റൈറ്റിംഗ് കോഴ്സ് (കൊമേഴ്സ് ഗ്രൂപ്പ്) ന്റെ സിലബസ് പരിഷ്കരണം - സംബന്ധിച്ച്.

പങ്കെടുത്തവർ

1. ഡോ. ഷാലിജ് പി.ആർ, ഡയറക്ടർ (ഡി.റ്റി.ഇ)
2. ശ്രീ. സീമ. കെ. എൻ, സീനിയർ ജോയിന്റ് ഡയറക്ടർ, (ഡി.റ്റി.ഇ)
3. ശ്രീ. സുൽഫിക്കർ.എ), ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, (ഡി.റ്റി.ഇ)
4. ശ്രീ. ദീപ. കെ. ആർ, ഡെപ്യൂട്ടി ഡയറക്ടർ,SITTTR
5. ശ്രീ. ലക്ഷ്മി. എം. എസ്, ജൂനിയർ സൂപ്രണ്ട്, (ഡി.റ്റി.ഇ)
6. ശ്രീ. കവിത. എസ്, ക്ലാർക്ക്, (ഡി.റ്റി.ഇ)
7. ശ്രീ.രതീഷ്. പി. റ്റി, സൂപ്രണ്ട്, ഗവ: കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട്, പാലാ
8. ശ്രീ. മിനിമോൾ. വി. എസ്, സൂപ്രണ്ട്, ഗവ: കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
9. ശ്രീ. കിളിയല്ലൂർ മണി, കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട് ഓർഗനൈസേഷൻ കേരള
10. ശ്രീ.മോഹനൻ. ആർ, കൊമേഴ്സൽ & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസ്സോസിയേഷന്
11. ശ്രീ. കെ. സുന്ദരേശൻ, കൊമേഴ്സൽ & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസ്സോസിയേഷന്
12. ശ്രീ. അനസ് മനാസ്, കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട് നെറ്റ് വർക്ക് ഓഫ് കേരളൈറ്റ്സ്
13. ശ്രീ. ചന്ദ്രകുമാരി. വി, കൊമേഴ്സൽ & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസ്സോസിയേഷന്
14. ശ്രീ. ജയശങ്കർ, നാഷണൽ സ്കൂൾ ഓഫ് കൊമേഴ്സ്
15. ശ്രീ.ടി.ആർ ചിദംബരൻ, ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓണേർസ് വെൽഫെയർ അസോസിയേഷൻ
16. ശ്രീ. വിജയകുമാർ. എ). പി, , ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓണേർസ് വെൽഫെയർ അസോസിയേഷൻ
17. ശ്രീ. മഹാദേവൻ, , ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓണേർസ് വെൽഫെയർ അസോസിയേഷൻ
18. ശ്രീ. എച്ച്. സുബ്രഹ്മണ്യം, ഫോർട്ട് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

യോഗ തിരുമാനം

1, KGTE ടൈപ്പ് റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കണമെങ്കിൽ അപേക്ഷകർ ആകെ 200 മണിക്കൂർ ടൈപ്പ് റൈറ്റിംഗ് മെഷീനിൽ പ്രയോഗിക പരിശീലനം അംഗീകൃത ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളിൽ നിന്നും നേടിയിരിക്കണം എന്ന് നിർദ്ദേശം സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തിരുമാനിച്ചു.

2, KGTE ടൈപ്പ് റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്), ടൈപ്പ് റൈറ്റിംഗ് ന്റെ സിലബസ് റിവിഷൻ മാത്രമാണ് SITTTR നോട് ആവിശ്യപ്പെട്ടിരുന്നത്. Type writer (English) High Speed ഒഴിവാക്കികൊണ്ടും 8 പേപ്പറുകൾ പരിഷ്കരിച്ച് പുതിയ സിലബസ് ഉത്തരവ് സ.ഉ(കൈ)നം.403/2022/HEDN Dated202022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ അതിൽ Shorthand മാറ്റമില്ലാതെ തുടരുന്നതാണ് എന്ന് ചേർക്കാൻ വിട്ടു പോയിരുന്നു. ആയതിനാൽ സ.ഉ(കൈ)നം.403/2022/HEDN Dated202022 ഉത്തരവ് പരിഷ്കരിച്ച് Shorthand English High Speed ഒഴിവാക്കി മറ്റുള്ളവ മാറ്റമില്ലാതെ തുടരുന്നതാണ് എന്നുകൂടി ഉൾപ്പെടുത്തി ഉത്തരവ് ഇറക്കണമെന്ന് അഭ്യർത്ഥിക്കുന്നതിന് തിരുമാനിച്ചു. അതായത് Shorthand പഴയ സിലബസ് അതേപോലെ നിലനിർത്തുകയും പുതിയ സിലബസില് Shorthand മലയാളം (Lower & Higher) Shorthand ഇംഗ്ലിഷ് (Lower & Higher) ഉൾപ്പെടുത്തുവാനും shorthand ന്റെ high speed ഒഴിവാക്കുവാനും തിരുമാനിച്ചു

3, English Lower Paper-I (Speed) 40 ൽ നിന്ന് 30 (wpm) ആയും English Higher Paper-I (Speed) 50 ൽ നിന്ന് 40 (wpm) ആയും മാറ്റുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4, പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്ത ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓണേർസ് വെൽഫെയർ അസോസിയേഷൻ, കൊമേഴ്സൽ & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസ്സോസിയേഷൻ, കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട് നെറ്റ് വർക്ക് ഓഫ് കേരളൈറ്റ്സ്, കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട് ഓർഗനൈസേഷൻ കേരള എന്നീ നാല് അസോസിയേഷനുകൾ KGTE ടൈപ്പ് റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) ന്റെ പരീക്ഷ ടൈപ്പ് റൈറ്റിംഗ് മെഷീനിൽ തന്നെ നടത്തണമെന്ന് അവിശ്യപ്പെട്ടു.

SITTTR ന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ "Typewriter Machine"-കളുടെ ഉത്പാദനം നിർത്തിയിട്ടുണ്ടെന്നും കഴിഞ്ഞ കുറച്ചു വർഷങ്ങളായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തപ്പെടുന്ന "Typing" ഉൾപ്പെട്ട കോഴ്സുകൾ നടത്തുന്ന വിവിധ സ്ഥാപനങ്ങളിൽ ടൈപ്പ് റൈറ്ററുകളുടെ അപര്യാപ്തതയും റിപ്പയർ ചെയ്യുന്നതിനായുള്ള സ്പെയർ പാർട്ട്സ്കളുടെ ദൌർലഭ്യവും മൂലമുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നും UPSC, Railway Recruitment Board തുടങ്ങിയവയുടെ പരീക്ഷകളിൽ "Typing Skill Speed Test " കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തുന്നതെന്നും ആധുനിക സാങ്കേതിക വിദ്യയിലൂന്നിയാണ് ഇന്ന് ഓഫീസുകൾ ഉൾപ്പെടെയുള്ള എല്ലായിടങ്ങളും പ്രവർത്തികുന്നത് എന്നതിനാൽ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ഉയർന്ന വിദ്യാഭ്യാസ നിലവാരം നിലനിർത്താൻ ടൈപ്പ് റൈറ്റിംഗ് പരീക്ഷ കമ്പ്യൂട്ടറിൽ തന്നെ തുടരണമെന്ന് ഡയറക്ടർ , SJD(PS) എന്നിവർ അഭിപ്രായപ്പെട്ടു അത് സർക്കാരിലേക്ക് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

പ്രസ്തുത മീറ്റിംഗ് ഈ വിഷയത്തിൽ സമവായത്തിൽ എത്താത്തതിനാൽ മേൽ അസോസിയേഷനുകൾക്ക് വേണമെങ്കിൽ സർക്കാരിനെ സമീപിക്കാവുന്നതാണ് എന്ന് തീരുമാനിച്ചു.

യോഗം 1.03 PM നു അവസാനിച്ചു.

DIRECTOR OF TECHNICAL EDUCATION
THIRUVANANTHAPURAM

OFFICE OF THE DIRECTOR OF TECHNICAL EDUCATION
KERALA STATE
Thiruvananthapuram
Pin - 695 023

ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
dtekerala@gmail.com
0471 2561307

നമ്പർ : C4/40132/2023/DTE തീയതി: 08-10-2024

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ (ജെ ) വകുപ്പ്
കേരള സർക്കാർ, തിരുവനന്തപുരം

സർ

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - കെജിടിഇ ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കൊമേഴ്സ് ഗ്രൂപ്പ്) ന്റേറെ സിലബസ് പരിഷ്കരണം സംബന്ധിച്ച 06/08/2024 ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ചേംബറിൽ കൂടിയ അക്കാദമിക് കമ്മിറ്റി യോഗം സംബന്ധിച്ച്.

സൂചന:- 1, 06/08/2024 ൽ കൂടിയ അക്കാദമിക് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.
2. സർക്കാർ കത്ത് നമ്പർ. ജെ1/262/2022/ഉവിവ തീയതി 13.02.2024
3, 25/07/2024 തീയതിയിലെ പാലക്കാട് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ബഹു: ഉന്നത വിദ്യാഭ്യാസ മന്ത്രിയ്ക്ക് അയച്ച നിവേദനം നം.3476/vip/Hedn/24
4, വിവിധ ടൈപ്പ് റൈറ്റിംഗ് അസ്സോസിയേഷനുകൾ നല്കിയിട്ടുള്ള നിവേദനങ്ങൾ.

സൂചനയിലേക്ക് സവിനയം ശ്രദ്ധ ക്ഷണിക്കുന്നു. കെജിടിഇ ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കൊമേഴ്സ് ഗ്രൂപ്പ് ) ൻറെ സിലബസ് പരിഷ്കരണം സംബന്ധിച്ച് 06/08/2024 ൽ അക്കാദമിക് കമ്മിറ്റി യോഗം കൂടുകയുണ്ടായി ടി യോഗത്തിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പുറമെ ചുവടെ പറയുന്ന പ്രതിനിധികൾ കൂടി പങ്കെടുത്തിട്ടുണ്ട്.ശ്രീ. കിളിയല്ലൂർ മണി, കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട് ഓർഗനൈസേഷൻ കേരള, തിരുവനന്തപുരം,ശ്രീ.മോഹൻ. ആർ, കൊമേഴ്സൽ & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസ്സോസിയേഷൻ, കൊല്ലം ,ശ്രീ. കെ. സുന്ദരേശൻ, കൊമേഴ്സൽ & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസ്സോസിയേഷൻ, തിരുവനന്തപുരം ,ശ്രീ. അനസ് മനാസ്, കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട് നെറ്റ് വർക്ക് ഓഫ് കേരളൈറ്റ്സ്, കൊല്ലം,ശ്രീ. ചന്ദ്രകുമാരി. വി, കൊമേഴ്സൽ & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസ്സോസിയേഷൻ, തിരുവനന്തപുരം ,ശ്രീ. ജയശങ്കർ, നാഷണൽ സ്കൂൾ ഓഫ് കൊമേഴ്സ്, തിരുവനന്തപുരം,ശ്രീ.ടി.ആർ ചിദംബരൻ, ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ, തിരുവനന്തപുരം,ശ്രീ. വിജയകുമാർ. എ. പി, , ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ, തിരുവനന്തപുരം,ശ്രീ. മഹാദേവൻ, , ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓണേഴ്സ് വെൽഫെയർ

അസോസിയേഷൻ, തിരുവനന്തപുരം,ശ്രീ. എച്ച്. സുബ്രഹ്മണ്യം, ഫോർട്ട് ടെക്കിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

ടി യോഗത്തിൽ കെജിടിഇ ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കൊമേഴ്സ് ഗ്രൂപ്പ് ) ന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച ഉണ്ടാവുകയും മേൽ പറഞ്ഞ പ്രതിനിധികളുടെ അഭിപ്രായം കൂടി പരിഗണിച്ച് ചുവടെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടിട്ടുണ്ട്.

1, KGTE ടൈപ്പ് റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കണമെങ്കിൽ അപേക്ഷകർ ആകെ 200 മണിക്കൂർ ടൈപ്പ് റൈറ്റിംഗ് മെഷീനിൽ പ്രയോഗിക പരിശീലനം അംഗീകൃത ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളിൽ നിന്നും നേടിയിരിക്കണം എന്ന് നിർദ്ദേശം സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു.

2, KGTE ടൈപ്പ് റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്), ടൈപ്പ് റൈറ്റിംഗ് ന്റെ സിലബസ് റിവിഷൻ മാത്രമാണ് SITTTR നോട് ആവിശ്യപ്പെട്ടിരുന്നത്. Type writer (English) High Speed ഒഴിവാക്കികൊണ്ടും 8 പേപ്പറുകൾ പരിഷ്കരിച്ച് പുതിയ സിലബസ് ഉത്തരവ് സ.ഉ(കൈ)നം.403/2022/HEDN Dated20/08/2022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ അതിൽ Shorthand മാറ്റമില്ലാതെ തുടരുന്നതാണ് എന്ന് ചേർക്കാൻ വിട്ടു പോയിരുന്നു. ആയതിനാൽ സ.ഉ(കൈ)നം.403/2022/HEDN Dated20/08/2022 ഉത്തരവ് പരിഷ്കരിച്ച് Shorthand English High Speed ഒഴിവാക്കി മറ്റുള്ളവ മാറ്റമില്ലാതെ തുടരുന്നതാണ് എന്നുകൂടി ഉൾപ്പെടുത്തി ഉത്തരവ് ഇറക്കണമെന്ന് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു. അതായത് Shorthand പഴയ സിലബസ് അതേപോലെ നിലനിർത്തുകയും പുതിയ സിലബസിൽ Shorthand മലയാളം (Lower & Higher) Shorthand ഇംഗ്ലീഷ് (Lower & Higher) ഉൾപ്പെടുത്തുവാനും shorthand ന്റെ high speed ഒഴിവാക്കുവാനും തീരുമാനിച്ചു

3, English Lower Paper-I (Speed) 40 ൽ നിന്ന് 30 (wpm) ആയും English Higher Paper-I (Speed) 50 ൽ നിന്ന് 40 (wpm) ആയും മാറ്റുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4, പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്ത ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ, കൊമേഴ്സൽ & കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസ്സോസിയേഷൻ, കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട് നെറ്റ് വർക്ക് ഓഫ് കേരളൈറ്റ്സ്, കൊമേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട് ഓർഗനൈസേഷൻ കേരള എന്നീ നാല് അസോസിയേഷനുകൾ KGTE ടൈപ്പ് റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) ന്റെ പരീക്ഷ ടൈപ്പ് റൈറ്റിംഗ് മെഷീനിൽ തന്നെ നടത്തണമെന്ന് അവിശ്യപ്പെട്ടു.

SITTTR ന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ “Typewriter Machine”-കളുടെ ഉത്പാദനം നിർത്തിയിട്ടുണ്ടെന്നും കഴിഞ്ഞ കുറച്ചു വർഷങ്ങളായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തപ്പെടുന്ന “Typing” ഉൾപ്പെട്ട കോഴ്സുകൾ നടത്തുന്ന വിവിധ സ്ഥാപനങ്ങളിൽ ടൈപ്പ് റൈറ്ററുകളുടെ അപര്യാപ്തതയും റിപ്പയർ ചെയ്യുന്നതിനായുള്ള സ്പെയർ പാർട്ട്സ്കളുടെ ദൌർലഭ്യവും മൂലമുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നും UPSC, Railway Recruitment Board തുടങ്ങിയവയുടെ പരീക്ഷകളിൽ “Typing Skill Speed Test ” കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തുന്നതെന്നും ആധുനിക സാങ്കേതിക വിദ്യയിലൂന്നിയാണ് ഇന്ന് ഓഫീസുകൾ ഉൾപ്പെടെയുള്ള എല്ലായിടങ്ങളും പ്രവർത്തികുന്നത് എന്നതിനാൽ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ഉയർന്ന വിദ്യാഭ്യാസ നിലവാരം നിലനിർത്താൻ ടൈപ്പ് റൈറ്റിംഗ് പരീക്ഷ കമ്പ്യൂട്ടറിൽ തന്നെ തുടരണമെന്ന് DTE, , SJD(PS) എന്നിവർ അഭിപ്രായപ്പെട്ടു .അത് സർക്കാരിലേക്ക് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

പ്രസ്തുത മീറ്റിംഗ് ഈ വിഷയത്തിൽ സമവായത്തിൽ എത്താത്തതിനാൽ മേൽ അസോസിയേഷനുകൾക്ക് വേണമെങ്കിൽ സർക്കാരിനെ സമീപിക്കാവുന്നതാണ് എന്ന് തീരുമാനിച്ചു.

മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ പരിശോധിച്ച് കെജിടിഇ ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കൊമേഴ്സ് ഗ്രൂപ്പ് ) ന്റ്റെ സിലബസ് പരിഷ്കരിച്ച് കൊണ്ട് സർക്കാർ ഉത്തരവിൽ സ.ഉ(കൈ)നം.403/2022/HEDN Dated20/08/2022 മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു. 06/08/2024 ൽ കൂടിയ യോഗത്തിൻറെ മിനിറ്റ്സ് ഉള്ളടക്കം ചെയ്യുന്നു. അസോസിയേഷനുകൾ സമർപ്പിച്ച നിവേദനത്തിന്റെ പകർപ്പുകളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

SHALIJ P R
DIRECTOR

**Signed by Shalij P R**
**Date: 08-10-2024 06:20:44**